# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6014 | 08.07.2013-ൽ മറുപടിക്ക് |
|---|---|

### ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര വനിതാ-ശിശുക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം സംസ്ഥാനത്ത് 16.12.2011 മുതൽ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ; | (ബി) ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>1. ബാലനീതി സേവനങ്ങൾക്ക് പ്രാധാന്യം നൽകി സേവന ഘടകങ്ങൾക്ക് ശക്തി പകരുക.<br>2. പരിശീലനം നൽകി എല്ലാ തലത്തിലുമുള്ള സേവന ദാതാക്കളുടെ ശേഷി വർദ്ധിപ്പിക്കുക.<br>3. ശിശു സംരക്ഷണ പദ്ധതികൾക്ക് വേണ്ട വിവര ശേഖരണവും, വിജ്ഞാന ശേഖരണവും നടത്തുക.<br>4. സാമൂഹ്യതലത്തിലും കുടുംബതലത്തിലും, ശിശുസംരക്ഷണത്തിന് ശക്തി പകരുക.<br>5. എല്ലാ തലങ്ങളിലും ഉചിതമായ ശാക്തീകരണം ഉറപ്പാക്കുക.<br>6. പൊതുജനങ്ങളിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക. |
| (സി) പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി സംസ്ഥാന ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സമിതികൾ എത്ര തവണ യോഗങ്ങൾ കൂടി; വ്യക്തമാക്കുമോ; | (സി) ഉണ്ട്. സംസ്ഥാനതലത്തിൽ 2 തവണ യോഗം കൂടിയിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഒരു പ്രാവശ്യവും കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ രണ്ട് പ്രാവശ്യവും ജില്ലാതലത്തിൽ യോഗം കൂടിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, വയനാട് എന്നീ ജില്ലകളിൽ സമിതി യോഗം കൂടിയിട്ടില്ല. |

| | |
|---|---|
| (ഡി) ഒരു വർഷം എത്ര കോടി രൂപ സംസ്ഥാന സമിതിക്ക് കേന്ദ്ര സഹായം ലഭിക്കുമെന്നും ഈ തുക നഷ്ടമായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നുവെന്നും വെളിപ്പെടുത്തുമോ? | (ഡി) ഓരോ വർഷവും കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന പ്രൊപ്പോസൽ അനുസരിച്ചുള്ള തുകയാണ് സംസ്ഥാന സമിതിക്ക് കേന്ദ്ര സഹായമായി ലഭിക്കുന്നത്. ഐ.സി.പി.എസ്. പദ്ധതി വിഭാവനം ചെയ്തിട്ടുള്ള വിവിധ ഭരണ സംവിധാനങ്ങളായ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി, ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി എന്നീ ഘടകങ്ങളിലെ ജീവനക്കാരുടെ നിയമനം നടത്തുന്നതിനുള്ള നടപടി ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നുണ്ട്. പ്രസ്തുത നിയമനത്തിനുശേഷം മാത്രമേ ടി ഇനത്തിലുള്ള കേന്ദ്ര വിഹിതം വിനിയോഗിക്കാൻ കഴിയുകയുള്ളൂ. |

Jayasree

സെക്ഷൻ ഓഫീസർ